**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1220** **07-10-2021 - ൽ മറുപടിയ്ക്ക്**

**വർക്കലയിലെ റെയിൽവേ മേൽപ്പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി വർക്കല മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | ഇടവ റെയിൽവേ മേൽപ്പാലം തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിൽ ഇടവ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും, ആർ.ബി.ഡി.സി.കെ.യെ എസ്.പി.വി.ആയി നിയമിക്കുകയും ചെയ്തു. കിഫ്ബിയിൽ നിന്നും 25.23 കോടി രൂപയ്ക്ക് സാമ്പത്തിക അംഗീകാരം ലഭിച്ചു. പദ്ധതിയ്ക്കാവശ്യമായ 70.55 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 04.08.2018 ൽ അർത്ഥനാ പത്രം സമർപ്പിക്കുകയും 22.02.2019 ൽ റവന്യൂ വകുപ്പ് ഭരണാനുമതി നൽകുകയും ചെയ്തു. സ്ഥലമേറ്റെടുക്കൽ നടപടിയുടെ ഭാഗമായി 17.11.2018 ന് 4(1) നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തുകയും 14.06.2019 ന് സാമൂഹ്യാഘാത പ്രത്യാഘാത പഠനം റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു. 11(1) നോട്ടിഫിക്കേഷൻ 28.11.2019 ൽ പ്രസിദ്ധപ്പെടുത്തുകയും അടുത്ത നടപടിയായി 19(1) നോട്ടിഫിക്കേഷൻ സർക്കാർ ഉത്തരവ് G.O.(Rt)No.97/2020/Rev.dtd.27.11.2020 പ്രകാരം 6 മാസം നീട്ടുകയും ചെയ്തു. 12.08.2020 ൽ സ്ഥലം ഏറ്റെടുക്കുന്നതിനായി നഷ്ടപരിഹാര തുകയിനത്തിൽ 4,84,73,295/- രൂപ ലാന്റ് അക്വസിഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട്. 05.09.2013 ൽ റെയിൽവേയിൽ നിന്ന് ജി.എ.ഡിയുടെ അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ റെയിൽവേ കത്ത് W352/I/CN/ERS/LC 555 Edava Gate dated 12.07.2021 പ്രകാരം റെയിൽവേയുടെ ഭാവി ട്രാക്ക് വിപുലീകരണവുമായി ബന്ധപ്പെട്ട് 24.0 മീറ്റർ സ്പാൻ ഉണ്ടായിരുന്ന റെയിൽവേ ജി.എ.ഡി. 12.00 മീറ്ററിന്റെ രണ്ട് സ്പാനുകൾ അധികം നൽകി (12+24+12=48.00 മീറ്റർ) പുതുക്കി സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. വർക്കല പുന്നമൂട് മേൽപ്പാലം തിരുവനന്തപുരം |

| | | | |
|---|---|---|---|
| | | | ജില്ലയിലെ പുന്നമൂട് ആർ.ഒ.ബി. നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. തുടർന്ന് വിശദമായ പദ്ധതിരേഖ തയ്യാറാക്കി 11.03.2020 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ പരിശോധനയുടെ ഭാഗമായുള്ള TAR (Technical Appraisal Report) 23.06.2021 ൽ ലഭിച്ചിട്ടുണ്ട്. TAR നുള്ള മറുപടി 07.08.2021 ന് മുൻപായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആർ.ഒ.ബി.യുടെ റെയിൽവെ ജി.എ.ഡി. അംഗീകാരത്തിനായി 18.03.2021 ന് റെയിൽവെയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെയും റെയിൽവെയുടെയും അംഗീകാരം ലഭിച്ചാൽ ഉടൻ ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിക്കുന്നതാണ്. വെങ്കുളം ആർ.ഒ.ബി. തിരുവനന്തപുരം ജില്ലയിൽ വെങ്കുളം ആർ.ഒ.ബി. നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. തുടർന്ന് വിശദമായ പദ്ധതിരേഖ തയ്യാറാക്കി 02.07.2020 ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി ഉത്തരവ് നം. APR-2/2021/KIIFB dtd 07.09.2021 പ്രകാരം 31.97 കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചു. ആർ.ഒ.ബി.യുടെ റെയിൽവെ ജി.എ.ഡി. അംഗീകാരത്തിനായി 25.03.2021 ന് റെയിൽവെയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റെയിൽവെയുടെ അംഗീകാരം ലഭിച്ചാൽ ഉടൻ ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ